# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7627 15/07/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

### പി.എസ്.സി റാങ്ക് ലിസ്റ്റുകൾ വൈകാതിരിക്കാൻ നടപടി

**ചോദ്യം :**

ശ്രീ. എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

(എ) ആധുനിക സാങ്കേതിക വിദ്യകളും അഭ്യസ്തവിദ്യരായ ജീവനക്കാരും ഉണ്ടായിരിക്കെ പി.എസ്.സി പല തസ്തികകളുടെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പരീക്ഷ നടത്തി ആറ് മാസം കഴിഞ്ഞിട്ടും പ്രസിദ്ധീകരിക്കാത്ത റാങ്ക് ലിസ്റ്റുകളുടെ വിവരം അറിയിക്കുമോ ?

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) യും (ബി) യും

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓരോ വർഷവും ശരാശരി 700 ഓളം വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ടി വിജ്ഞാപന ങ്ങളിലൂടെ പ്രതിവർഷം ലക്ഷക്കണക്കിന് അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുന്നുണ്ട്. വിജ്ഞാപനത്തെ തുടർന്ന് പരീക്ഷ കഴിയുമ്പോൾ തന്നെ ടി പരീക്ഷയുടെ Provisional Answer key പ്രസിദ്ധീകരിക്കുന്നു. ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന പരാതിയുടെ മേൽ Expert Committee യുടെ അഭിപ്രായം തേടുകയും തുടർന്ന് Final Answer key പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു ഇതിനു ശേഷം മാത്രമാണ് Valuation ആരംഭിക്കുന്നത്. Valuationന് ശേഷം Short List/Probability List പ്രസിദ്ധീകരിക്കുന്നു. ഇതിനുശേഷം ടി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥി കളുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുകയും അവരുടെ അപേക്ഷ നിരുപാധികം സ്വീകരിക്കുകയും ചെയ്യുന്നു. തക്കതായ കാരണങ്ങളാൽ ആവശ്യമുള്ള രേഖകൾ

ഹാജരാക്കുവാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് പരമാവധി 7 ദിവസത്തെ സമയം അനുവദിക്കേണ്ടതുണ്ട്. ഇതിനു ശേഷം മാത്രമാണ് റാങ്ക് പട്ടിക തയ്യാറാക്കുന്ന നടപടികൾ ആരംഭിക്കുന്നത്. അഭിമുഖം വേണ്ടി വരുന്ന തസ്തികകളിൽ അഭിമുഖം നടത്തിയതിനു ശേഷം മാത്രമേ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയുകയുള്ളു. കമ്മീഷന്റെ പരീക്ഷ നടത്തിപ്പ് ആധുനികവത്കരിക്കുന്നതിന്റെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന്റെയും വേഗത വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി ഓൺലൈൻ പരീക്ഷ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഉത്തരം കമ്പ്യൂട്ടറിൽ കൂടി തന്നെ രേഖപ്പെടുത്തുന്നതാണ് ഓൺലൈൻ പരീക്ഷാരീതി. ഇതു വഴി റാങ്ക് പട്ടിക, ചുരുക്കപ്പട്ടിക എന്നിവ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. ഇതോടൊപ്പം റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വേഗത കൈവരിക്കുവാനും കാലവിളംബം കൂടാതെ നിയമനശിപാർശ നൽകുവാനും സാധിക്കുന്നു.

സെക്ഷൻ ഓഫീസർ